# വിചാരവേദിയിലെ ഒരു നിരൂപണ സായാ□ ം. മേയ് 14, 2017 (രണ്ടു കഥകളും ഒരു കവിതയും)





*ഡോക്ടർ നന്ദകുമാർ ചാണയിൽ*

ബാബു പാറയ്ക്കലിന്റെ "ഗലിലീയിൽ ഒരു സൂര്യോദയം" എന്ന കഥയുടെ തലക്കെട്ട് കണ്ടപ്പോൾ ആദ്യം ഓർമ്മയിലോടിയെത്തിയത് സുപ്രസിദ്ധ കഥാക്രുത്തും നോവലിസ്റ്റുമായ എം. മുകുന്ദന്റെ "ആവിലായിലെ സൂര്യോദയം" എന്ന ക്രുതിയുടെ തലക്കെട്ടുമായുള്ള സാമ്യമാണ്. അതവിടെ നിൽക്കട്ടെ. ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് യേശുദേവന്റെ കർമ്മഭൂമിയായിരുന്ന ഗലിലീയിലേക്ക് ഒരു ഹ്രസ്വവിവരണത്തോടെ ശ്രീ പാറയ്ക്കൽ നമ്മെ കൊണ്ടുപോകുന്നു. പുണ്യഭൂമിയിലേക്ക് തീർത്ഥാടനത്തിനു പോകുന്ന സാധാരണക്കാരെ പോലല്ലല്ലോ ഒരു സാഹിത്യകാരൻ. സാധാരണക്കാരൻ ഗൗനിക്കാത്ത പലതും ഒരു കഥാക്രുത്ത് തന്റെ നിരീക്ഷണപാടവത്തിലൂടെ

കണ്ടെത്തിയെന്നിരിക്കും; അനുഭവച്ചെന്നിരിക്കും. അതാണല്ലൊ ഒരു എഴുത്തുകാരന്റെ മൗലികമായ വിവേചനം. കൊച്ചു കൊച്ചു വാചകങ്ങളിലുള്ള ഇമ്പമാർന്ന വർണ്ണനയിലൂടെ കഥ തുടങ്ങുന്നു. കഥാക്രുത്തിന്റെ പ്രിയതമ അടക്കമുള്ളവർ യാത്രയ്ക്ക് പോകാൻ ഉടുത്തൊരുങ്ങി, പ്രാതലിനു തിടുക്കം കൂട്ടുമ്പോൾ കഥാക്രുത്ത് തനിയ്ക്ക് തികച്ചും അപരിചിതയായ, തദ്ദേശവാസിയായ, റൊട്ടി വിൽക്കുന്ന ഒരു പെൺകൊടിയെക്കുറിച്ച് കൂടുതൽ അറിയാനുള്ള ജിജ്ഞാസയുമായി അവളുടെ വസതിയിലേക്ക് തിരിക്കുന്നു.

കഥാക്രുത്ത് പ്രിയതമയെ വെടിഞ്ഞ് ഒരു സുന്ദരിയായ യഹൂദയുവതിയുടെ പിന്നാലെ പോകുന്നോ എന്ന മുൻവിധിയൊന്നും വായനക്കാരനു വേണ്ട. അപരിചിതമായ നാട്ടിൽ, ഏതു തരം മനുഷ്യരാണ് എന്നൊന്നും ചിന്തിക്കാതെ സ്വന്തം പ്രാതൽപോലും ത്യജിച്ചിറങ്ങിയ അന്വേഷണകുതുഹിയായ കഥാക്രുത്തിന് ധൈര്യം പകർന്നത് അനുകമ്പയും യേശുദേവന്റെ നാട്ടിൽ ദൈവക്രുപയാൽ അനിഷ്ട സംഭവങ്ങളൊന്നും ഉണ്ടാകില്ലെന്ന ശുഭാപ്തി വിശ്വാസവുമാണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഇതിനോടനുബന്ധമായി ഈയിടെ വായിച്ച ഒരു പത്രവാർത്തയുമായി കൂട്ടി വായിക്കട്ടെ. അനിൽ വണ്ണാവലി എന്ന ഒരു ഡാറ്റാ അഡ്മിനിസ്ട്രേറ്റർ, മൻഹാട്ടനിലേക്കുള്ള സബ്‌വേ ട്രെയിൻ കാത്തു നിൽക്കുന്ന അവസരത്തിൽ ഇരുപത്തിയാറു വയസ്സുള്ള മാധുരി റെച്ചേർ ലാ എന്ന ഒരു യുവതി ബോധംകെട്ട് വീഴുകയും അവരെ രക്ഷിക്കാനായി അനിലും മറ്റൊരാളും കൂടി ട്രാക്കിലേക്ക് എടുത്ത് ചാടി പാഞ്ഞ് വരുന്ന ട്രെയിനിന്റെ അടിയിൽപെടാതെ രക്ഷിച്ചതുമായ വാർത്തയാണത്. യുവതിയെ രക്ഷിക്കാനായി ട്രാക്കിലേക്ക് എടുത്ത് ചാടുന്നതിനു മുമ്പ് തന്റെ ലാപ് ടോപ്പും 200 ഡോളറടക്കമുള്ള ബാക്ക്പാക്കും പ്ലാറ്റ്ഫോമിൽ വച്ചത് ഒരു കള്ളൻ തക്കസന്ദർഭം മുതലെടുത്ത് കവർന്നുകൊണ്ടുപോയി. എഡിസൻ പോലിസ് പിന്നീട് ധീരതക്കുള്ള സൂചനയായ് ആയിരം ഡോളർ സമ്മാനിച്ചെങ്കിലും. സൽക്കർമ്മങ്ങൾ ചെയ്താൽ,നല്ലതേ വരൂ" എന്നത് പഴയ പ്രമാണം. സൽക്കർമ്മം ചെയ്യുമ്പോഴും തിരിച്ചടികളുടെ തിക്താനുഭവങ്ങൾ ലഭിച്ചേക്കാമെന്നത് നൂതനഭാഷ്യം. കാലം മാറി, കോലവും മാറി.

ഉപകഥ വിട്ട് പ്രമേയത്തിലേക്ക് തിരിച്ച് വരട്ടെ. കഥാക്രുത്തിന്റെ സുന്ദരിക്കൊച്ചുമായുള്ള കൊച്ചു കൊച്ചുവർത്തമാനങ്ങൾ വായനാസ്വാദനത്തിനു അൽപ്പസ്വൽപ്പം മാധുര്യം പകരുന്നുണ്ട്. പുണ്യഭൂമിയിൽ ഈശ്വരക്രുപയുടേയും, കാരുണ്യത്തിന്റേയും അണുരണങ്ങൾ പ്രതിഫലിക്കുന്നതിന്റെ ഒരു സൂചനയും വായനക്കാർക്ക് ലഭിക്കുന്നുണ്ട് കഥാക്രുത്തിനു എല്ലാ നന്മകളും നേരുന്നു.

ഇനി വിചാരവേദിയുടെ വിചിന്തനത്തിനായുള്ളത് വാസുദേവ് പുളിക്കലിന്റെ ക്രുപാരസം എന്ന കവിതയാണ്. കവിതയിൽ നിഗൂഢതയും ദുരൂഹതയും ഒന്നുമില്ല. അൽപ്പം ദാർശനിക വിചാരം മറയില്ലാതെ, നേരെ ചൊവ്വേ വെളിവാക്കുന്നുണ്ട് നമ്മുടെ കവി. "മഹാത്മാക്കളോതിത്തന്ന അഹിംസാമന്ത്രങ്ങൾ കാറ്റിൽ പറത്തി മ്രുഗീയമായ ഹിംസയെപുൽകും മനുഷ്യർ" എന്ന വരികൾ ക്രൂരതക്കെതിരെയുള്ള കവിയുടെ മനോഭാവം പ്രകടമാക്കുന്നുണ്ട്. അതേപോലെതന്നെ, "ഒരു പീഡയുറുമ്പിനും വരരുതെന്ന കരുണാമയമാം ജീവിതതത്വത്തിലേക്ക് " എന്നും "ശാന്തമാം സാത്വികജീവിതത്തിനായ്

ക്രുപാലുക്കളാകൂ മ്രുഗസഞ്ചയത്തോടും" എന്നുമുള്ള വരികളും "നിറയട്ടെ മനസ്സിൽ ക്രുപാരസം, വിഹരിക്കട്ടെ മ്രുഗങ്ങൾ യഥേഷ്ടം" എന്ന കവിയുടെ സദ്ഭാവനക്ക് പ്രണാമം.

''ഒന്നുമറ്റൊന്നിനാഹാരമിതു ജന്തുലോകത്തിലനിവാര്യം" ജന്തുലോകത്തിൽ മാത്രമല്ല "ഒന്നു ചീഞ്ഞാൽ മറ്റൊന്നിനു വളം" എന്ന് സസ്യലോകത്തുമില്ലേ? "ഗോവധം ന്യായീകരിക്കാനവർ ഉദ്ധരിക്കുന്നു ഹൈന്ദവ സിദ്ധാന്തങ്ങൾ'' എന്ന വരികളോട് വിയോജിപ്പുണ്ട്. കറവവറ്റിയ പശുക്കളേയും വയസ്സൻ കാളകളേയും കൊല്ലുന്നതിൽ വേദപുസ്തകങ്ങളും സിദ്ധാന്തങ്ങളും എതിർക്കുന്നില്ല. അതേപോലെ ''അനാരോഗ്യകരമാം മാംസാഹാരം ഉണർത്തുന്നു മ്രുഗീയ വികാരങ്ങൾ'' എന്നീ വരികളോടും എതിർപ്പു; കാരണം സസ്യഭുക്കുകളായ മനുഷരും മ്രുഗീയ വികാരങ്ങൾക്കടിമകളാകുന്നില്ലേ എന്നതകൊണ്ട്. "സസ്യാഹാരം ശ്രേഷ്ഠമെന്നറിയും നാൾ വരും" എന്ന വരി വായിച്ചപ്പോൾ കവി ഒരു റിപ്പ്വാൻ വിങ്കിളായിമാറിപോയോ എന്ന സന്ദേഹവും ഇല്ലാതില്ല. നാൾ വരുകയല്ല, വന്നു കഴിഞ്ഞിരിക്കുന്നു. സസ്യാഹാരം ശ്രേഷ്ഠമെന്ന് ആഹാരവിദഗ്ദ്ധരും ശാസ്ത്രവും എന്നേ വിധിച്ചുകഴിഞ്ഞിരിക്കുന്നു. കവിയുടെ ഉദ്ദേശ്യശുദ്ധിക്ക് പ്രണാമം.

ഈ കവിതയുടെ ശീർഷകവും ആശയവും തമ്മിൽ അൽപ്പം പൊരുത്തക്കേടില്ലേ എന്നൊരു സംശയമുണ്ട്. വ്യാഘ്രത്തിന്റെ ഇരയായി ഉടയോൻ വിധിച്ചിരിക്കുന്നത് മാൻപേടയാണ്. മാംസസ്നേഹിക്ക് ഇഷ്ടഭോജനം കാണുമ്പോൾ വെള്ളമൂറുന്നതും സ്വാഭാവികം. ഉറുമ്പിനെ മാത്രം ഭക്ഷിക്കുന്ന ഉറുമ്പ്തീനികളുണ്ട്. അവയ്ക്ക് എറുമ്പിൻപുറ്റുകളിൽനിന്നും പെറുക്കിയെടുക്കാൻ ശേഷിയുള്ള നീണ്ടു മെലിഞ്ഞ കുഴൽപോലെയുള്ള വായും ഒട്ടലുള്ള നാക്കും നൽകിയതും വ്യാഘ്രത്തിനു കൂർത്തുമൂർത്ത നഖങ്ങൾ കൊടുത്തതും സ്രുഷ്ടാവ് തന്നെ. ഇങ്ങനെയുള്ള പ്രക്രുതി നിയമങ്ങൾ സ്രുഷ്ടിച്ച സ്രുഷ്ടാവിനു ക്രുപാരസം ഉണ്ടാകാതിരിക്കാൻ തക്ക കാരണങ്ങളുണ്ടാകും. ജീവികളുടെ സന്തുലിതാവസ്ഥ നില നിർത്തണമെങ്കിൽ ചില നിയമങ്ങളും മൂപ്പരു് കണ്ടിരിക്കും. "വായ കീറിയിട്ടുണ്ടെങ്കിൽ ഇരയും കൽപ്പിച്ചിട്ടുണ്ടാകും എന്നല്ലേ വരരുചി വചനം. എന്നിരിക്കിലും മനുഷ്യനു മാത്രം ക്രുപാരസം ഊറിയത്കൊണ്ടുള്ള പ്രസക്തി എന്തു്? അഹിംസയിലൂന്നിയ കവി ഭാവനക്ക് അനുമോദനങ്ങൾ. മ്രുഗങ്ങളോടുള്ള ക്രൂരതക്കെതിരെയുള്ള നിയമങ്ങൾ നില നിൽക്കെതന്നെ നിയമങ്ങളെ കാറ്റിൽ പറത്തി വംശനാശത്തിന്റെ വക്കത്തെത്തിനിൽക്കുന്ന പുള്ളിപുലികളെ മ്രുഗയാവിനോദമാക്കിയ അഭ്യസ്തവിദ്യരായ സൽമാന്മാരുള്ളപ്പോൾ, കവി ഭാവന വെറും ഒരു വ്രുഥാ വിലാപമാകാതിരിക്കട്ടെ എന്നും പ്രത്യാശിക്കുന്നു.

അടുത്തത് വിചാരവേദിയുടെ എല്ലാമെല്ലാമായ സാംസി കൊടുമണ്ണിന്റെ "ദേശാടനക്കിളിയുടെ ചിറകേറിയ യാത്രികൻ" എന്ന പുതുപുത്തൻ കഥയാണ്. കഥയിലെ നായകനും ദേശാടനക്കിളികളെപോലെ സുരക്ഷിതത്താവളം തേടിയുള്ള അലച്ചിലിലാണ്. ആദ്യം പഠിപ്പ് കഴിഞ്ഞ ഉടനെ വൈദികന്റെ നിർദ്ദേശപ്രകാരം പരിചയക്കാരനുള്ള കത്തുമായി ബോംബേയിലേക്ക് പോകുന്നു. പിടിപ്പുള്ള ആൾ അവിടെ ഉള്ളതിനാൽ ജോലി തേടി അലയേണ്ടിവന്നില്ല. ഭാര്യയും കിട്ടി, ജോലിയും കിട്ടി. കൗമാരപ്രായത്തിലെ ചാപല്യം ഈ കോളേജ്കുമാരനേയും ബാധിച്ചിരുന്നതിനാൽ, അന്ന(ജോലി)ദാതാവിന്റെ കല്യാണാലോചന പിടിച്ചില്ലെങ്കിലും ഭാവി സുരക്ഷിതത്വം ഓർത്ത് ഇയാൾ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ തുടങ്ങി. കയ്ച്ചിട്ട് ഇറക്കാനും വയ്യ, മധുരിച്ചിട്ട് തുപ്പാനും വയ്യ എന്ന നിലയിലായിരുയിരുന്നു മകൻ. അപ്പനെപോലെ മകനും

പണം ധാരാളം വാരിക്കൂട്ടിയെങ്കിലും സന്തോഷവും സംത്രുപ്തിയും കിട്ടിയിരുന്നില്ല. കലഹക്കാരി ഭാര്യയുമായി അത്ര സുഖകരമായ ദാമ്പത്യവുമായിരുന്നില്ല. മകനും വളർന്നു വലുതായി ഒരു വെള്ളക്കാരിയെ പരിണയിച്ച് അകന്ന ജീവിതം. കുട്ടിക്കാലത്ത് തേങ്ങയും നെല്ലും അടങ്ങുന്ന സമ്പത്തിനെ താലോലിച്ചിരുന്ന പിതാവിനു സ്നേഹം കൊടുക്കാൻ സാധിച്ചിരുന്നില്ല.സ്നേഹം കിട്ടാനും കൊടുക്കാനും പറ്റാത്ത ഒരു ജീവിതം ഒടുവിൽ എല്ലാം വിട്ടെറിഞ്ഞ് നായകനും ഒരു ദേശാടനത്തിനിറങ്ങി.

ഇതിലെ പ്രമേയം നമ്മൾ മറ്റു പല കഥകളിലും നോവലുകളിലും വായിച്ചി ട്ടുണ്ടെങ്കിലും സാംസിയുടെ ചാരുത നിറഞ്ഞ കഥനരീതി വേറൊന്നായതിനാൽ ഇമ്പത്തോടുകൂടി വായിക്കാം. ലളിതവും ഓജസ്സുമുള്ള ഭാഷ. ആശയഗരിമയുടെ തീവ്രതക്കനുസരിച്ച് ചാ ട്ടുളിപോലുള്ള ചില പ്രയോഗങ്ങളും കാണാം. അധികം പരത്തിപ്പറയാതെ ചുരുക്കം വാക്കുകളിൽ ആശയപ്രകടനം നടത്താനുള്ള സാംസിയുടെ കഴിവ് പ്രശംസനീയം തന്നെ." "കാലുകൾ ചാഞ്ചാടുന്നു, ഊന്നുവടിയിൽബലപ്പെട്ട് എൺപതാണ്ടുകളുടെ ജീവിതം". കാലമിത്രയും മറ്റാരോടും പങ്കുവയ്ക്കാത്ത നൊമ്പരങ്ങൾ ഉരുണ്ടുകൂടിയ മുഴ. ആ ത്മനൊമ്പരങ്ങളുടെ മാറാപ്പ്" "സ്വന്തം അഹന്തയെ താലോലിച്ച് സ്വാർത്ഥതയുടെ ചിതൽപ്പുറ്റിനകത്തു ജീവിച്ചു. ഒറ്റപ്പെടലിൻെറ തിരിച്ചറിവിൽ വാൽമീകം പൊളിച്ച് പുറത്തു വരാൻ കഴിയാത്തവണ്ണം അതുറച്ചു പോയിരിക്കുന്നു. അല്ലെങ്കിൽ തിരിച്ചറിവിലേയ്ക്ക് തിരിഞ്ഞു നടക്കാൻ പറ്റാത്ത വിധം അതുറച്ചുപോയിരിക്കുന്നു." ചില ഉദാഹരണങ്ങൾ മാത്രം.

ഈ കൊച്ചുകഥയിൽ ശക്തമായ മൂന്നു ബിംബങ്ങൾ വായനകാരുടെ ശ്രദ്ധയിൽപ്പെടും.
1. ഊന്നുവടി. കഥാനായകൻെറ ജീവിതത്തിലെ സകലപാകപ്പിഴകളുടേയും അമർഷങ്ങളുടേയും നേർക്ക് ഓങ്ങാനുള്ള ഒരു വടിയാകാം; അല്ലെങ്കിൽ ദുർബ്ബലമായിത്തീർന്ന ശരീരത്തേയും പാദങ്ങളേയും താങ്ങാനുള്ള ഊന്നുവടിയുമാകാം.

2. മുതുകിലെ മുഴ – ചെയ്തുകൂട്ടിയ പാപങ്ങളും അവഗണനകളും അടിഞ്ഞ്കൂടി വളർന്നു വലുതായ മുഴ. മുഴയുടെ വേദനയുടെ മൂലകാരണം കണ്ടുപിടിക്കാൻ എല്ലാ സാങ്കേതിക വൈദഗ്ദ്ധ്യവുമുള്ള ഡോക്ടർമാർക്ക് പറ്റിയില്ല. ഈ ബാഹ്യമായ മുഴ ശാരീരിക ക്ലേശത്തിൻറ്റേതല്ല, എന്നാലോ മാനസിക സമ്മർദ്ദങ്ങളുടേയും പിരിമുറുക്കങ്ങളുടേയും മനഃശ്ശാന്തിയില്ലായ്മയുടേയും ഭാണ്ഡമാണുതാനും.

3. ദേശാടനക്കിളി. മൂന്നാമത്തെ അതിശക്തമായ ബിംബമാണു ദേശാടനക്കിളി. എല്ലാ ലൗകിക സുഖങ്ങളും അനുഭവിക്കാൻ ഭാഗ്യദേവത കടാക്ഷിച്ചിട്ടും മനഃസ്സുഖവും സമാധാ നവും എന്താണെന്നു ആസ്വദിച്ചറിയാനുള്ള യോഗമുണ്ടായില്ല. താൻ ആരേയും സ്നേഹിച്ചിട്ടില്ല തന്നെ ആരും സ്നേഹിക്കുന്നുമില്ല. ഇഹലോകവാസത്തിൽ തന്നെ പിടിച്ച് നിർത്താനുള്ള പാശങ്ങളെല്ലാം മുറിഞ്ഞ്, മുറിച്ച് എങ്ങോട്ടുപോകേണ്ടു എന്ന വൈക്ലബ്യത്താൽ നാൽക്കവലയിൽ വിഷണ്ണനായി നിൽക്കുമ്പോൾ, നിയോഗമോ നിമിത്തമോ എന്തോ ഒരു ദേശാടനക്കിളി കൂട്ടം തെറ്റി പറന്നുവന്ന് കാൽക്കൽ വീഴുന്നു. തനിക്ക് ഇനിയും അപരിചിതമായ മറ്റൊരു ലോകത്തേക്ക് കൊണ്ടുപോകാൻ വന്നതാകാം ഈ ദേശാടനക്കിളി. അനുകൂല അന്തരീക്ഷം തേടി താനും ദേശാടനപക്ഷികളെപ്പോലെ ബഹുദൂരം താണ്ടിയില്ലേ?

കൂടുതൽ കൂടുതൽ മേന്മയുള്ള രചനകൾ ഈ മൂന്നു അനുഗ്രഹീത എഴുത്തുകാരിൽ നിന്നും ഉണ്ടായിക്കൊണ്ടേ ഇരിക്കട്ടെ എന്ന ശുഭകാമനയോടെ വിരമിക്കട്ടെ. നന്ദി നമസ്കാരം.

*******************